# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2022 ഫെബ്രുവരി 22, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) <u>ഭരണ മികവിന് പുരസ്കാരങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ 1.618 സ്കോർ നേടി കേരളം ഒന്നാമതെത്തിയതായും താരതമ്യ സ്കോർ നിർണ്ണയ രീതിയിൽ 1-ന് മുകളിൽ സ്കോർ ലഭിച്ചിട്ടുള്ളത് കേരളത്തിനുമാത്രമാണെന്നും സഭയെ അറിയിച്ചു. നീതി ആയോഗിന്റെ 2020-21 സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ ഏറ്റവും മികച്ച പ്രവർത്തനം

കാഴ്ചവച്ച സംസ്ഥാനങ്ങളുടെ പട്ടികയിലും ദേശീയ ആരോഗ്യ സൂചിക, കേന്ദ്ര വിദ്യാഭ്യാസ വികസന സൂചിക എന്നിവയിലും ഒന്നാമതെത്താനും പൊതുവിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി മാറാനും വിവിധ മേഖലകളിലെ ഭരണ മികവിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം, ഹെൽത്ത് ഗിരി അവാർഡ്, പ്രധാനമന്ത്രി സുരക്ഷാ മാതൃത്വ അഭിയാൻ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കിഫ്ബി മുഖേന 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തീരദേശ വ്യാപാരം മെച്ചപ്പെടുത്തുന്നതിനായി കൊച്ചിയിൽനിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് ഗ്രീൻ ഫ്ലൈറ്റ് കോറിഡോർ-II സർവ്വീസ് ആരംഭിച്ചിട്ടുണ്ടെന്നും ചേർത്തല മെഗാ ഭക്ഷ്യസംസ്കരണ പാർക്ക്, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനം, തിരുവനന്തപുരം ടെക്നോസിറ്റിയിൽ എയ്റോസ്പേസ് ഹബ് പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം തുടങ്ങിയവ ഈ വർഷം ആരംഭിക്കാനാകുമെന്നും കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം

പ്രവർത്തനസജ്ജമായിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. സൈബർ ഡോമിന് തുടർച്ചയായ അഞ്ചാം വർഷവും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുകയുണ്ടായി. സോഷ്യൽ മീഡിയ വിഭാഗത്തിന് ദേശീയ ഇ-ഗവേണൻസ് അവാർഡ്, നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന് കേരള സംസ്ഥാന ജൈവവൈവിദ്ധ്യ സംരക്ഷണ പുരസ്കാരം, സുരക്ഷാ ദുരിതാശ്വാസ പ്രവർത്തനമായ 'ജലരക്ഷ'-യ്ക്ക് സ്കോച്ച് ഗോൾഡ് അവാർഡ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, പിങ്ക് പോലീസ് പദ്ധതികൾക്ക് സ്കോച്ച് ഓർഡർ ഓഫ് മെറിറ്റ് അവാർഡ്, പാസ്പോർട്ട് അപേക്ഷകളിലെ പോലീസ് പരിശോധനാ മികവിന് കേന്ദ്ര വിദേശ മന്ത്രാലയത്തിൽനിന്നും അംഗീകാരം, SOFT (Save Our Fellow Traveller) പദ്ധതിക്ക് കേന്ദ്ര നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ടെന്നും 2018-ൽ ദുബായിൽ നടന്ന ലോക ഗവൺമെന്റ് ഉച്ചകോടിയിൽ മികച്ച ഗെയിമിഫിക്കേഷൻ സേവനമായി കേരള പോലീസ് രൂപകൽപ്പന ചെയ്ത 'ട്രാഫിക് ഗുരു' തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സൈബർ വിഭാഗത്തെ ഇലക്ട്രോണിക് തെളിവുകൾ പരിശോധിക്കുന്ന അംഗീകൃത സ്ഥാപനമായി കേന്ദ്ര ഇലക്ട്രോണിക് ഐ.ടി.

മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും കിൻഫ്രയുടെ കീഴിലുള്ള അഞ്ച് പാർക്കുകൾക്ക് ദേശീയാംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2) <u>സിൽവർ ലൈൻ പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ നിലവിലുള്ള റെയിൽവേ പാതകൾക്ക് 17 മീറ്റർവരെ ഉയരത്തിൽ എംബാങ്ക്മെന്റുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്നും നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ മൊത്തം നീളത്തിന്റെ 55 ശതാമനത്തോളം 10 മുതൽ 20 മീറ്റർ വരെ വീതിയിൽ ഇവ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ പദ്ധതി പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. എംബാങ്ക്മെന്റുകളുടെ നിർമ്മാണത്തിനാവശ്യമായ പ്രകൃതിവിഭവങ്ങൾ വിവിധ കേന്ദ്രങ്ങളിൽനിന്നും സമാഹരിക്കാനാകുമെന്നും ആവർത്തനച്ചെലവ് ഇല്ലാത്തതിനാൽ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം താരതമ്യേന കുറവാണെന്നും ഇവ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നതുസംബന്ധിച്ച

പഠനങ്ങൾ നടന്നുവരുന്നുണ്ടെന്നും പ്രകൃതിദുരന്തങ്ങൾ സൃഷ്ടിക്കാത്ത തരത്തിലുള്ള ക്രമീകരണങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുമെന്നും വെള്ളപ്പൊക്കം സംബന്ധിച്ച കണക്കുകളെടുത്ത് അതിൽനിന്നും ഒരു മീറ്റർ ഉയരത്തിൽ എന്ന നിലയിലാണ് സിൽവർ ലൈൻ പദ്ധതിയുടെ ഘടന രൂപകൽപ്പന ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നും ആവശ്യമായ ഇടങ്ങളിൽ അണ്ടർപാസ്സുകളും കൾവർട്ടുകളും സ്ഥാപിച്ച് പ്രദേശവാസികൾക്ക് റെയിൽവേ ലൈൻ മുറിച്ചുകടക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും ശാസ്ത്രീയ നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതാണ് പദ്ധതിയുടെ സവിശേഷതയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ ചർച്ച നടത്തിവരികയാണെന്നും നിയമസഭാംഗങ്ങൾക്ക് വേണ്ടത്ര വിശദീകരണം നൽകിയിട്ടുണ്ടെന്നും പദ്ധതിക്കായി 1383 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ഒരു ഹെക്ടറിന് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി നൽകുന്ന സ്ഥിതിയാണുള്ളതെന്നും വീടുൾപ്പെടെ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് വിഭാവന ചെയ്തിട്ടുണ്ടെന്നും സിൽവർ ലൈൻ കടന്നുപോകുന്ന

സ്ഥലങ്ങളിലെ റോഡുകളിൽ ഫ്ലൈ ഓവർ, അണ്ടർ പാസ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങളൊരുക്കുമെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് വ്യക്തത വരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.